LIBRARY ARCHIVES Kerala Legislative Assembly

കോഴിക്കോട് മെഡിക്കൽ കോളേജിൽ സൂപ്പർ സ്പെഷ്യാലിറ്റി കോംപ്ലക്സ് കെട്ടിടം പണിയുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക

149 [1625] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജിൽ സൂപ്പർ സ്പെഷ്യാലിറ്റി കോംപ്ലക്സ് കെട്ടിടം പണിയുന്നതിന് ഏതുവർഷത്തെ ബഡ്ജറ്റിലാണ് സംഖ്യ വകകൊള്ളിച്ചത് എന്ന് വെളിപ്പെടുത്താമോ;

(ബി) ഈ കെട്ടിടത്തിന്റെ അടങ്കൽ തുകയുടെ എസ്റ്റിമേറ്റ് തുക എത്രയാണ് എന്നും ഇപ്പോൾ നിലവിലുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് തുക എത്രയാണ് എന്നും വെളിപ്പെടുത്താമോ;

(സി) കരാറുകാരന് ഇതുവരെയായി ആകെ എത്ര തുക നൽകിയിട്ടുണ്ടെന്നും കൊടുത്ത തുക ഓരോ വർഷത്തിലും എത്ര വീതമാണ് എന്നും വെളിപ്പെടുത്താമോ;

(ഡി) ഈ സാമ്പത്തിക വർഷത്തിൽ എത്ര തുകയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത് എന്നു വെളിപ്പെടുത്താമോ?

ഉത്തരം

(എ) 1992-1993 വർഷത്തെ ബഡ്ജറ്റിൽ.

(ബി) എസ്റ്റിമേറ്റ് തുക 356.50 ലക്ഷം രൂപയായിരുന്നു. നിലവിലുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് തുക 1285 ലക്ഷം രൂപയാണ്.

(സി) 2002-2003 സാമ്പത്തിക വർഷാവസാനം വരെ 6,49,34,608 രൂപ നൽകിയിട്ടുണ്ട്. ഓരോ വർഷവും നൽകിയ തുക താഴെകൊടുക്കുന്നു:

വർഷം	*രൂപ*
1992-93	36,55,649
1993-94	67,57,027
1994-95	49,59,524
1995-96	26,75,595
1996-97	1,78,454
1997-98	9,17,268
1998-99	38,41,945
1999-2000	110,86,584
2000-01	1,53,28,913
2001-02	9,20,683
2002-03	1,46,12,966
ആകെ	**6,49,34,608**

(ഡി) 75 ലക്ഷം രൂപ.